LIBRARY ARCHIVES Kerala Legislative Assembly

## കായംകുളം അസംബ്ലി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

273(3159) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച (2014-15) പ്രവൃത്തികൾ ഏതൊക്കെയെന്നും, ഓരോ പ്രവൃത്തികളുടേയും നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ ?

ഉത്തരം

കായംകുളം അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർനടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പൂർത്തിയായി വരുന്നു.

## ചൂണ്ടൽ പഴന്നാന-മരത്തംകോട് റോഡിലെ പുനരുദ്ധാരണ പ്രവൃത്തി

274(3160) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ് വിഭാഗം കുന്നംകുളം സെക്ഷനു കീഴിൽ വരുന്ന ചൂണ്ടൽ പഴന്നാന-മരത്തംകോട് റോഡിലെ 2 കോടി രൂപ ഭരണാനുമതിയുള്ള 1-ാം റീച്ച് പുനരുദ്ധാരണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2-ാം റീച്ച് പുനരുദ്ധാരണത്തിനായി 1.55 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കാമോ ; പ്രസ്തുത റോഡിന്റെ ബാക്കി ഭാഗംകൂടി പുനരുദ്ധാരണം ചെയ്യുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചൂണ്ടൽ പഴന്നാന-മരത്തംകോട് റോഡ് ഒന്നാം റീച്ച് പുനരുദ്ധാരണ പ്രവൃത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) രണ്ടാം റീച്ച് പുനരുദ്ധാരണത്തിനുള്ള പ്രവൃത്തിയുടെ 155 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത റോഡിന്റെ ബാക്കി ഭാഗം കൂടി പുനരുദ്ധാരണം ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.